## പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം *103** — 10/08/2017-ൽ മറുപടിയ്ക്ക്

## പരീക്ഷാരീതി പരിഷ്കരണത്തിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ<br>,, ചിറ്റയം ഗോപകുമാർ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ പരീക്ഷാരീതി പരിഷ്കരിക്കുന്നതിന് നീക്കമുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ജ്ഞാനനിർമ്മിതിയിൽ അധിഷ്ഠിതമായ ഒരു പാഠ്യപദ്ധതിയാണ് നാം പിന്തുടരുന്നത്. അനുഭവങ്ങളിലൂടെ കടന്നുപോകുന്ന പഠിതാവ് അറിവ് നിർമ്മിക്കുന്നുവെന്നും നിർമ്മിച്ച അറിവിനെ പുന: പരിശോധിച്ച് മെച്ചപ്പെടുത്തുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇത് നടക്കണമെങ്കിൽ വിലയിരുത്തൽ നിരന്തരമായി നടക്കുകയും അതിലൂടെ കിട്ടുന്ന തിരിച്ചറിവുകൾ പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്തുകയും വേണം. ഇക്കാര്യത്തിൽ നിരന്തരവിലയിരുത്തലിനാണ് (സി ഇ) ഏറെ പങ്ക് വഹിക്കാനാവുക എന്നതിനാൽ നിരന്തര വിലയിരുത്തൽ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള പഠനങ്ങളും പരിശീലനങ്ങളും നടന്നുവരികയാണ്. ഇപ്പോൾ നിലവിലിരിക്കുന്ന സി ഇ, ടി ഇ സ്കോർ അനുപാതത്തിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായ പ്രക്രിയകളും പ്രവർത്തനങ്ങളും ശരിയായ വിധത്തിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്.<br>ടേം വിലയിരുത്തലിൽ ചുവടെ പറയുന്ന സവിശേഷതകൾ ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു.<br>• പഠനനേട്ടത്തെ (ആശയം, പ്രക്രിയ, |

| | |
|---|---|
| | മനോഭാവം, മൂല്യങ്ങൾ) അടിസ്ഥാനപ്പെടുത്തിയത്.<br>• നേടിയ അറിവിന്റെ പ്രയോഗ സന്ദർഭങ്ങൾ ഉൾക്കൊള്ളുന്നത്.<br>• ബൗദ്ധിക വെല്ലുവിളി ഉയർത്തുന്നതും വിവിധ ചിന്താ പ്രക്രിയകളുടെ ഉപയോഗത്തിലേക്ക് നയിക്കുന്നതും.<br>• കുട്ടിക്ക് സ്വയം വിലയിരുത്തലിന് സഹായകമായത്.<br>• നിശ്ചിതമായ പാറ്റേണിലേക്ക് ഒതുങ്ങാത്തതും നൂതനത്വവും വൈവിധ്യവും പുലർത്തുന്നതും.<br>• കുട്ടിയുടെ നില നിർണ്ണയിക്കാനും പഠനപ്രക്രിയയുടെ ഫലപ്രാപ്തി വിലയിരുത്തി തുടർ ആസൂത്രണം നടത്താൻ ടീച്ചറെ സഹായിക്കുന്നതും.<br>• വ്യത്യസ്ത നിലവാരക്കാരായ വിദ്യാർത്ഥികളെ പരിഗണിക്കുന്നത്.<br>• കുട്ടികൾക്ക് എളുപ്പത്തിൽ വായിച്ച് മനസ്സിലാക്കാൻ ഉതകുംവിധം ലളിതവും ശിശുസൗഹൃദപരവുമായ ചോദ്യഭാഷ<br>• സ്വന്തം നിലപാടുകളും കാഴ്ചപ്പാടുകളും യുക്തിപൂർവ്വം സമർപ്പിക്കുന്നതിന് അവസരമൊരുക്കുന്ന ചോദ്യങ്ങൾ ഉൾക്കൊള്ളുന്നത്.<br>• വിമർശന ചിന്തയും പ്രതികരണ ശേഷിയും വളർത്താൻ ഉതകുന്ന ചോദ്യങ്ങൾ ഉള്ളത്.<br>• കുട്ടികൾക്ക് തെരഞ്ഞെടുപ്പിന് അവസരം നൽകുന്ന വിധത്തിൽ 25% അധിക ചോദ്യങ്ങൾ ഉൾപ്പെടുത്തിയത്. |
| (ബി) പരീക്ഷകളുടെ മൂല്യനിർണ്ണയ സംവിധാനത്തിൽ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത്; | (ബി) എല്ലാ അധ്യാപകരുടെയും സഹകരണത്തിനുള്ള അവസരം ഉറപ്പുവരുത്തിക്കൊണ്ട് ജനാധിപത്യപരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിനായി ഒരു അസെസ്മെന്റ് ടൂൾ മാനേജ്മെന്റ് സിസ്റ്റം (എ റ്റി എം എസ്) വികസിപ്പിച്ചു കഴിഞ്ഞു. 2017 ആഗസ്റ്റ് 5 ന്റെ ക്ലസ്റ്റർ പരിശീലന |

ത്തിൽ എല്ലാ അധ്യാപകർക്കും എ റ്റി എം എസ് ൽ പ്രവേശിക്കുന്നതിനുള്ള യൂസർനെയിം, പാസ് വേഡ് എന്നിവ നൽകിയിട്ടുണ്ട്.

2018 ലെ എസ് എസ് എൽ സി, എച്ച് എസ് എസ് പൊതുപരീക്ഷകൾ അധ്യാപകരുടെ പങ്കാളിത്തത്തോടെ എ റ്റി എം എസ് ഉപയോഗിച്ച് വികസിപ്പിക്കുന്ന ചോദ്യശേഖരം അടിസ്ഥാനമാക്കി ചിട്ടപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അധ്യാപകർ വ്യക്തിഗതമായി തയ്യാറാക്കുന്ന ചോദ്യങ്ങൾ സ്കൂൾ വിഷയ ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തി അപ് ലോഡ് ചെയ്യാവുന്നതാണ്. ഇങ്ങനെ അപ് ലോഡ് ചെയ്യുന്ന ചോദ്യങ്ങൾ ഒരു വിദഗ്ധ സമിതിയുടെ അംഗീകാരത്തിന് വിധേയമായി എല്ലാവർക്കും ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ചോദ്യങ്ങളെ സംബന്ധിക്കുന്ന പ്രതികരണം കൂടെ പരിഗണിച്ച് വിദഗ്ധ സമിതി ചിട്ടപ്പെടുത്തുന്ന പൂളിൽ നിന്നായിരിക്കും പൊതു പരീക്ഷക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്. ഒരു ബ്ലൂപ്രിന്റിന്റെ അടിസ്ഥാനത്തിൽ ചോദ്യപേപ്പർ രൂപപ്പെടുത്താനും പാസ് വേഡ് സംരക്ഷണത്തോടെ ഓൺലൈനായി സ്കൂളുകൾക്ക് നൽകാനും കഴിയും. തുടർന്നു വരുന്ന പരീക്ഷകൾ പലതും ഓൺലൈനിൽ ചോദ്യങ്ങൾ ലഭ്യമാക്കി നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

| | |
|---|---|
| (സി) ശരിയുത്തരം തെരഞ്ഞെടുക്കുന്ന രീതിയിൽ നിന്നും വ്യത്യസ്തമായി സ്വയം ഉത്തരമെഴുതുന്ന തരത്തിലുള്ള ചോദ്യങ്ങളുടെ എണ്ണം കൂട്ടുന്നതിന് തയ്യാറാകുമോ; | (സി) ബഹുവികൽപ ചോദ്യങ്ങളും (മൾട്ടിപ്പിൾ ചോയ്സ് ക്വസ്റ്റ്യൻസ്) ഓർമ്മ പരീക്ഷിക്കാൻ മാത്രം സഹായിക്കുന്ന വസ്തുനിഷ്ഠ ചോദ്യങ്ങളും പരിമിതപ്പെടുത്താനും പഠിതാവിന് സ്വതന്ത്രമായി ഉത്തരം എഴുതാൻ കഴിയുന്ന ഓപ്പൺ എൻഡഡ് ചോദ്യങ്ങളുടെ സാധ്യതകൾ കൂടി |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്താനുമാണ് ഉദ്ദേശി ക്കുന്നത്. |
| (ഡി) | വിദ്യാർത്ഥികളുടെ അറിവിന്റെ നില വാരം അളക്കുന്നതിന് പര്യാപ്തമായ ചോദ്യങ്ങൾ ഉൾക്കൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കും. മികച്ച നിലവാരമുള്ള ചോദ്യങ്ങൾ വികസിപ്പിക്കുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകു ന്നുണ്ട്. |

സെക്ഷൻ ഓഫീസർ